(രജിസ്റ്റർ ചെയ്ത് കൈപ്പറ്റുചീട്ട് സഹിതം)

<u>നം.കെ.എസ്.എ-ഐ.ഡി.കെ-10/938/2018</u>

സംസ്ഥാന
ഓഡിറ്റ് വകുപ്പ്
സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

ഇടുക്കി ജില്ല

*ഇ-മെയിൽ : doidk.ksad@kerala.gov.in*

തീയതി : 25.09.2018

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത്

സർ

വിഷയം : ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ട്- സംബന്ധിച്ച്

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ 2, 3, 6 ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ 5, 6, 8 ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2)എന്നിവ കാണുക).

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

<u>പകർപ്പ്</u> :

1) കേരള സംസ്ഥാന ഓഡിറ്റ് ഡയറക്ടർ, തിരുവനന്തപുരം(ഉപരിപത്രം സഹിതം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ.

3) കാര്യാലയ പകർപ്പ്.

<u>നം.കെ.എസ്.എ-ഐ.ഡി.കെ-10/938/2018</u>

തീയതി : 25.09.2018

## <u>ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>

(1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4), 1994ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,

1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

************************

ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 22.05.2017 മുതൽ 03.06.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി. സിനി എം. വി, ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 04.06.2018 മുതൽ 11.06.2018 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി. സുസനിയാമ്മ തോമസ് | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. എം. റ്റി സോമൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മരുൺ മാത്യു | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ജോസഫ് ചാക്കോ | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. മായാ കൃഷ്ണൻ | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി. ബിന്ദു സജീവ് | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ. പി. കെ. ഓമനക്കുട്ടൻ | 01.04.2017 മുതൽ 31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|

| | | |
|---|---|---|
| അസി. എഞ്ചിനീയർ | ശ്രീമതി. ബുഷ്റ കെ. | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ഷാജു മാത്യു | 01.04.2017 മുതൽ 30.11.2017 വരെ |
| | ശ്രീ. സുബൈർ എം. എ. | 01.12.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(ആരോഗ്യം) | ഡോ. മഹേജ് നാരായണൻ | 01.04.2017 മുതൽ 05.08.2017 വരെ |
| | ഡോ. റേച്ചൽ പി. ജോസഫ് | 06.08.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(ഹോമിയോ) | ഡോ. ആഷമോൾ കെ. എൻ. | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | ഡോ. വിനീത് ആർ. | 01.04.2017മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. ബനു രാജ് | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ശ്രീമതി. തങ്കമണി എൽ. | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. | ശ്രീ. ലെനിൻ പീറ്റർ | 01.04.2017 മുതൽ 31.03.2018 വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ. സുധീഷ് എം. പി. | 01.04.2017 മുതൽ 31.03.2018 വരെ |
| ഹെഡ്മാസ്റ്റർ | ശ്രീ. നസീർ എ. എം. | 01.04.2017 മുതൽ 31.03.2018 വരെ |

<u>ഉള്ളടക്കം</u>


| ക്രമ നം. | ഭാഗം 1 പൊതു അവലോകനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക | 1-2 |
| 3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |

| | | |
|---|---|---|
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിൽ ഉറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കിലെ അപാകതകൾ | 1-12 |
| | ഭാഗം – 2 | |
| 12 | ഓഡിറ്റ് ഇംപാക്ട് | 2-1 |
| 13 | ഇ-ടെൻഡർ ഫാറവില ഗ്രാമപഞ്ചായത്തിന് ലഭിച്ചില്ല | 2-2 |
| 14 | വസ്തുനികുതി അപാകതകൾപൊതുമരാമത്ത് പ്രവർത്തിയുടെ സെക്യൂരിറ്റി നിക്ഷേപം ഗ്രാപഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുന്നില്ല | 2-3 |
| 15 | വസ്തുനികുതി പിരിവ് – കണക്കിൽ അപാകത | 2-4 |
| 16 | മൊബൈൽ ടവർ കെട്ടിട നികുതി ഈടാക്കിയിട്ടില്ല | 2-5 |
| | ഭാഗം – 3 | |
| 17 | ഡെപ്പോസിറ്റ് വർക്ക് പൂർത്തീകരണ വിവരം ലഭ്യമല്ല | 3-1 |
| 18 | പി.എച്ച്.സി.-ക്ക് മരുന്ന് വാങ്ങൽ അപാകതകൾ | 3-2 |
| 19 | വി.ഇ.ഒ. പദ്ധതി വിഹിതം – തുക പൂർണ്ണമായി ചെലവഴിച്ചില്ല | 3-3 |
| 20 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ – മരുന്ന് സമയബന്ധിതമായി ലഭിക്കുന്നില്ല | 3-4 |

| | | |
|---|---|---|
| 21 | ഇടമറുക് അംഗൻവാടിക്ക് സ്ഥലം വാങ്ങൽ സംബന്ധിച്ച് | 3-5 |
| 22 | ആശ്രയ അക്കൗണ്ടിൽ നീക്കിയിരിപ്പ് സംബന്ധിച്ച് | 3-6 |
| 23 | പ്രത്യേക ലക്ഷ്യം മുൻനിർത്തി അനുവദിച്ച തുകകൾ വർഷങ്ങളായി വിനിയോഗിക്കാതെ നിലനിർത്തിയിരിക്കുന്നു | 3-7 |
| 24 | അംഗൻവാടി പ്രവർത്തനങ്ങൾ | 3-8 |
| 25 | വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച് | 3-9 |
| | ഭാഗം – 4 | |
| 26 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 27 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 28 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 29 | വായ്പ/വായ്പ തിരിച്ചടവ് | 4-4 |
| 30 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 31 | ഓഡിറ്റ് റിക്കവറി | 4-6 |
| 32 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 33 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 34 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 35 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ | 4-10 |
| 36 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം-1 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2017-18 വർഷത്തെ ബജറ്റ് 14.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും പുതുക്കിയ ബജറ്റ് 05.03.2018 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരവും അംഗീകരിച്ചു.

## 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 30.04.2018 | - | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

അനുബന്ധം 1 ആയി ചേർത്തിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹1,83,65,154 |
| വരവ് | ₹8,42,56,653 |
| ആകെ | ₹10,26,21,807 |
| ചെലവ് | ₹9,50,12,939 |
| നീക്കിയിരിപ്പ് | ₹76,08,868 |

## 1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുൻബാക്കി ₹ | തൻവർഷ വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| വികസനഫണ്ട്-പൊതുവിഭാഗം | 0 | 15496000 | 15496000 | 13952494 | 1543506 |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട്-എസ്.സി.പി. | 0 | 2179668 | 2179668 | 2081588 | 98080 |
| വികസനഫണ്ട്-ടി.എസ്.പി. | 0 | 7093117 | 7093117 | 7026817 | 66300 |
| സംരക്ഷണഗ്രാന്റ് റോഡ് | 0 | 14950000 | 14950000 | 14950000 | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 0 | 3378000 | 3378000 | 2944126 | 433874 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 7276621 | 7276621 | 7276621 | 0 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 2452532 | 2452532 | 2434292 | 18240 |
| എസ്.ബി.റ്റി. ലിറ്ററസി | 8815 | 264 | 9079 | 10 | 9069 |
| എസ്.ബി.റ്റി. ഡിസ്ട്രിക് റിലീഫ് ഫണ്ട് | 0 | 0 | 0 | 0 | 0 |
| എം.എൻ.ആർ.ഇ.ജി.എസ് | 18709 | 5028173 | 5046882 | 5044738 | 2144 |
| തൊഴിലാളികളുടെ കൂലി | 0 | 19749833 | 19749833 | 19749833 | 0 |
| എസ്.ബി.റ്റി. പൈക്ക | 8161 | 235 | 8396 | 0 | 8396 |
| ഐ.സി.ഡി.എസ്. | 1689758 | 255829 | 1945587 | 1522109 | 423478 |
| ജലനിധി | 800000 | 0 | 800000 | 0 | 800000 |
| ബ്ലോക്ക്പഞ്ചായത്ത് | 300000 | 697952 | 997952 | 3979852 | 600000 |
| ജില്ലാപഞ്ചായത്ത് | 0 | 1000000 | 1000000 | 1000000 | 0 |
| ബി-ഫണ്ട് | 0 | 43742000 | 43742000 | 43742000 | 0 |

| | | | | | |
|---|---|---|---|---|---|
| പൊതുഉദ്ദേശ ഗ്രാന്റ് | 0 | 8530000 | 8530000 | 8452896 | 77108 |
| ബാങ്ക് അക്കൌണ്ട് | 4882269 | 10204376 | 15086695 | 9029147 | 6057498 |
| ട്രഷറി അക്കൌണ്ട് | 11012892 | 12272168 | 23285060 | 23189064 | 95996 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 169 | 75247857 | 148 | 55405585 | 0 | 21 | 73.63 |

G.O(MS)10/2017/LSGD/09.01.2017 പ്രകാരം 2017-18 വർഷത്തെ പദ്ധതി രൂപീകരണത്തിന്റെ ആദ്യപടിയായി 18.01.2017ലെ നമ്പർ (1) തീരുമാന പ്രകാരം ആസൂത്രണ സമിതിയും 1(2) തീരുമാന പ്രകാരം വർക്കിംഗ് ഗ്രൂപ്പുകളും രൂപീകരിക്കപ്പെട്ടു. പദ്ധതി രൂപീകരണത്തിന് സ്ഥിതി വിവര കണക്കുകൾ ശേഖരിച്ചതായി കാണുന്നു. ഭിന്നശേഷിയുള്ളവർക്കായുള്ള പ്രത്യേക യോഗം 07.10.2017ൽ കൂടിയിട്ടുണ്ട്. സ്റ്റാറ്റസ് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചിട്ടില്ല. മാത്രമല്ല, ഭാഗം 1ൽ അവസ്ഥാ വിശകലനം-പ്രശ്ന വിശകലനവും പ്രശ്ന പരിഹാര സാദ്ധ്യതകളും ഉൾപ്പെടുത്തിയില്ല. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വികസന രേഖ തയ്യാറാക്കിയിട്ടുണ്ട്. 16.05.2017ൽ വികസന സെമിനാർ സംഘടിപ്പിച്ചിട്ടുണ്ട്. അതിൻ പ്രകാരം വാർഷിക പദ്ധതി 50/17/DPC/DPO/IDK, തീ.30.05.2017ന് പ്ലാനിംഗ് കമ്മിറ്റി അംഗീകാരം ലഭിച്ചിട്ടുണ്ട്.

അസി.എൻജിനിയർ മുഖേന നടപ്പാക്കുന്നതിന് തൻവർഷം 94 പ്രോജക്ടുകൾ ആസൂത്രണം ചെയ്തതിൽ 78 എണ്ണം മാത്രമാണ് തൻവർഷം നടപ്പാക്കിയത്. ലഭ്യമായ തുകയുടെ 75% തൻവർഷം ചെലവഴിച്ചിട്ടുണ്ട്. പൂർത്തിയാക്കാത്ത 16എണ്ണത്തിൽ എല്ലാം തന്നെ 2018-19 വർഷം സ്പിൽ ഓവറായി ഉൾപ്പെടുത്തുകയും അവയിൽ 3 എണ്ണം ഒഴികെ ബാക്കിയെല്ലാം പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്.

<u>പദ്ധതി നടപ്പിലാക്കിയത് സംബന്ധിച്ച പൊതുവിലയിരുത്തൽ</u>

ഓഡിറ്റ് വർഷം സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണഉദ്യോഗസ്ഥർ നടപ്പിലാക്കിയ പദ്ധതി സംബന്ധിച്ച പൊതുവിലയിരുത്തൽ ചുവടെ കൊടുക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ഏറ്റെടുത്ത പദ്ധതികളുടെ എണ്ണം | പൂർത്തിയാക്കിയ പദ്ധതികളുടെ എണ്ണം | ഉപേക്ഷിച്ച പദ്ധതികളുടെ എണ്ണം | ആകെ വകയിരുത്തിയ തുക ₹ | ആകെ ചെലവഴിച്ച തുക ₹ | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| അസി. എഞ്ചിനീയർ | 94 | 78 | ഇല്ല | 36733860 | 27457126 | 74.75 |
| സെക്രട്ടറി | 22 | 18 | 2 | 12268236 | 9284896 | 75.68 |
| കൃഷി ഓഫീസർ | 7 | 7 | ഇല്ല | 1865375 | 1181661 | 63.35 |
| വെറ്ററിനറി സർജൻ | 10 | 10 | ഇല്ല | 9865000 | 6209400 | 62.94 |
| മെഡിക്കൽ ഓഫീസർ പി.എച്ച്.സി | 4 | 4 | ഇല്ല | 1830050 | 1830050 | 100 |
| മെഡിക്കൽ ഓഫീസർ ഹോമിയോ | 2 | 2 | ഇല്ല | 250000 | 250000 | 100 |
| മെഡിക്കൽ ഓഫീസർ ആയുർവ്വേദം | 1 | 1 | ഇല്ല | 400000 | 400000 | 100 |
| വി.ഇ.ഒ. | 5 | 5 | ഇല്ല | 3065000 | 1430271 | 46.66 |
| ഐ.സി.ഡി.എസ് | 9 | 9 | ഇല്ല | 4148905 | 3040354 | 73.28 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | ഇല്ല | 1400000 | 1400000 | 100 |
| അസി. സെക്രട്ടറി | 14 | 13 | 1 | 3421431 | 2921827 | 8540 |
| ആകെ | 169 | 148 | 3 | 75247857 | 55405585 | 73.63 |

പദ്ധതി ചെലവ് സെക്ടർ തിരിച്ച്

| വിഷയ മേഖല | വരവ് തുക ₹ | ചെലവഴിച്ച തുക ₹ | നീക്കിബാക്കി ₹ |
|---|---|---|---|
| വികസനഫണ്ട് – പ്രത്യേക ഘടക പദ്ധതി | 2179668 | 2081588 | 98080 |
| വികസനഫണ്ട് – ജനറൽ | 15496000 | 13952494 | 1543506 |

| | | | |
|---|---|---|---|
| വികസനഫണ്ട് – ട്രൈബൽ സബ് പ്ലാൻ | 7093117 | 7076817 | 16300 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 7276621 | 7276621 | ഇല്ല |
| ലോകബാങ്ക് | 2452532 | 2434292 | 18240 |
| മെയിന്റനൻസ് ഗ്രാൻറ് – നോൺറോഡ് | 3378000 | 2944126 | 433874 |
| മെയിന്റനൻസ് ഗ്രാൻറ് – റോഡ് | 14950000 | 14950000 | ഇല്ല |

## 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 18709 | 5028173 | 5046882 | 5044738 | 2144 |
| ഗുണഭോക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 19749833 | 19749833 | 19749833 | 0 |

## 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 3489900 | 1186 |
| വിധവാപെൻഷൻ | 7546100 | 2474 |
| വാർദ്ധക്യകാലപെൻഷൻ | 28418700 | 8107 |
| വികലാംഗപെൻഷൻ | 3550300 | 1102 |
| അവിവാഹിതർക്കുള്ള പെൻഷൻ | 541200 | 169 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 04.06.2018ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹10,707/- ക്യാഷ് ബാലൻസിന്റെ

കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിൽ അക്കൌണ്ടിംഗ് സിസ്റ്റം-അപാകതകളോടുകൂടിയതാണ്. വിശദാംശങ്ങൾ ഖണ്ഡിക 1-12ൽ ഉൾപ്പെടുത്തിയിരിക്കുന്നു. ഓഫീസ് ഓർഡർ പ്രകാരം ജോലി വിഭജനം നടത്തി കൃത്യസമയത്ത് ജീവനക്കാരെ അറിയിക്കുന്നുണ്ട്. സ്ഥലം മാറിപ്പോകുന്ന ഉദ്യോഗസ്ഥർ ഫയലുകളും രേഖകളും കൈമാറ്റം ചെയ്യുന്നില്ല. കാഷ് കൈകാര്യം ചെയ്യുന്നതിൽ വേണ്ടത്ര ശ്രദ്ധചെലുത്തുന്നുണ്ട്. നികുതികൾ യഥാസമയം കളക്ട് ചെയ്യുന്നതിൽ ശ്രദ്ധിക്കുന്നുണ്ട്. സ്ഥാപന തൊഴിൽ നികുതി ഇനത്തിൽ നടത്തിയ പിരിവിന്റെ കൃത്യമായ കണക്കുകൾ തയ്യാറാക്കി സൂക്ഷിച്ചിട്ടുണ്ട്. വാങ്ങിയ സാധന സാമഗ്രികൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ വരുത്തുന്നുണ്ടെങ്കിലും കൈപ്പറ്റുന്ന ആളുടെ വിവരം രേഖപ്പെടുത്തുന്നില്ല. സെക്രട്ടറി സാക്ഷ്യപ്പെടുത്തൽ നടത്തുന്നില്ല.

സ്റ്റാന്റിംഗ് കമ്മിറ്റികൾ

ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ എല്ലാ സ്റ്റാന്റിംഗ് കമ്മിറ്റികളും ചട്ടപ്രകാരമുള്ള സമയപരിധി പാലിച്ച് യോഗങ്ങൾ ചേർന്നിട്ടുണ്ട്. തങ്ങളിൽ നിക്ഷിപ്തമായ അധികാരങ്ങളും ചുമതലകളും ഫലപ്രദമായി വിനിയോഗിക്കുവാൻ കമ്മിറ്റികൾക്ക് കഴിഞ്ഞിട്ടില്ല. പല സ്ററാന്റിംഗ് കമ്മിറ്റി യോഗങ്ങളും നടപടിക്രമം പാലിച്ച് നടന്നുവെന്നല്ലാതെ ആവശ്യമായ രീതിയിൽ പദ്ധതി ആസൂത്രണ-നിർവഹണ പ്രക്രിയയ്ക്ക് ഉപകരിച്ചില്ല. പദ്ധതി നിർദ്ദേശങ്ങളൊന്നും തന്നെ വികസന സ്റ്റാന്റിംഗ് കമ്മിറ്റി ഒഴികെയുള്ളവ ചർച്ച ചെയ്യുകയോ പ്രവർത്തനങ്ങൾ മോണിട്ടർ ചെയ്യുകയോ ഉണ്ടായിട്ടില്ല. സ്റ്റാന്റിംഗ് കമ്മിറ്റികൾ ക്രിയാത്മകമായ നിർദ്ദേശങ്ങളിലൂടെയും നടപടികളിലൂടെയും ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനം വിലയിരുത്തുകയും വികസനനയരൂപീകരണം നടത്തുകയും ചെയ്യേണ്ടതാണ്.

1) ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

തൻവർഷം 12 യോഗങ്ങൾ ചേർന്നിട്ടുണ്ട്. മുൻമാസത്തെ കണക്കുകൾ അംഗീകരിക്കുകയായിരുന്നു പ്രധാന അജണ്ട. ബജറ്റ് നിർദ്ദേശങ്ങൾ ക്രോഡീകരിക്കുന്നതിനും പ്രത്യേക യോഗം ചേർന്നിട്ടുണ്ട്. എന്നാൽ നികുതി നിർണയം, നിലവിലുള്ള വരവുകളുടെ പിരിവ് പുരോഗതി വിലയിരുത്തൽ, വരുമാന വർദ്ധനവിനുള്ള നൂതന മാർഗങ്ങൾ കണ്ടെത്തൽ തുടങ്ങിയ വിഷയങ്ങളിൽ ചർച്ച നടത്തിയിട്ടില്ല. ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്താൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

2) വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി

അടിസ്ഥാന ജനവിഭാഗത്തിന്റെ ക്ഷേമം ഉറപ്പുവരുത്തുന്നതിനായി ജനകീയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ ആസൂത്രണം ചെയ്യുവാൻ വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി നേതൃത്വം നല്കേണ്ടതാണ്. സ്റ്റാൻഡിംഗ് കമ്മറ്റിയുടെ കീഴിൽ വരുന്ന കൃഷി, മണ്ണ് സംരക്ഷണം, സാമൂഹ്യവനവൽക്കരണം, മൃഗസംരക്ഷണം, ക്ഷീരവികസനം, ചെറുകിട ജലസേചനം, ചെറുകിട വ്യവസായം, പൊതുമരാമത്ത്, പാർപ്പിടസൌകര്യം, കെട്ടിട നിർമ്മാണങ്ങളുടെ നിയന്ത്രണം, വൈദ്യുതി എന്നിവയുമായി ബന്ധപ്പെട്ട് 13 വർക്കിംഗ് ഗ്രൂപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. യഥാസമയം യോഗങ്ങൾ ചേർന്ന് വിഷയങ്ങൾ ചർച്ച ചെയ്ത് സ്റ്റാൻഡിംഗ് കമ്മറ്റി മുമ്പാകെ നിർദ്ദേശങ്ങൾ വെയ്ക്കുകയും ഇതിന്റെ

അടിസ്ഥാനത്തിൽ സ്റ്റാൻഡിംഗ് കമ്മറ്റി മുൻഗണനാക്രമത്തിൽ ഗ്രാമസഭയിൽ പദ്ധതികൾ ശുപാർശ ചെയ്യുകയും ചെയ്യുന്നു. നടപ്പ് സാമ്പത്തിക വർഷം വികസനകാര്യ സ്റ്റാൻഡിംഗ് കമ്മറ്റി എല്ലാ മാസവും യോഗങ്ങൾ ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്.

ഗ്രാമപഞ്ചായത്തിന്റെ പദ്ധതി ആസൂത്രണത്തിലും നിർവഹണത്തിലും നിർണായക പങ്കാണ് വികസന സ്റ്റാന്റിംഗ് കമ്മിറ്റിക്ക് നിർവഹിക്കാനുള്ളത്. ഓഡിറ്റ് വർഷം കമ്മിറ്റി 13 യോഗങ്ങൾ ചേർന്നിട്ടുണ്ടെങ്കിലും പദ്ധതിക്ക് അംഗീകാരം നൽകുന്നതിലും ചുരുക്കം ചില പ്രോജക്ടുകൾ ചർച്ച ചെയ്യുന്നതിലും മാത്രം സ്റ്റാന്റിംഗ് കമ്മിറ്റി പ്രവർത്തനം പരിമിതപ്പെട്ടു.

3) <u>ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി</u>

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി തൻവർഷം 12 യോഗങ്ങളാണ് ചേർന്നിട്ടുള്ളത്. പെൻഷൻ അപേക്ഷകൾ തീർപ്പാക്കുക എന്ന ഏക അജണ്ട മാത്രമാണ് ഓരോ കമ്മിറ്റിക്കുമുണ്ടായിരുന്നത്. പാലിയേറ്റീവ കെയറുമായി ബന്ധപ്പെട്ട പദ്ധതികൾ ആവിഷ്കരിച്ച് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കേണ്ട സ്റ്റാന്റിംഗ് കമ്മിറ്റി ചുമതലകൾ പൂർണ്ണമായി നിർവ്വഹിച്ചിട്ടില്ല.

4) <u>ആരോഗ്യം-വിദ്യാഭ്യാസം</u>

ആരോഗ്യമേഖലയിലെ പ്രവർത്തനങ്ങൾ സംയോജിപ്പിക്കുക, വിട്ടുകിട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വിപുലീകരിക്കുക, പൊതു വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുക തുടങ്ങിയ ചുമതലകൾ നിർവ്വഹിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ആരോഗ്യ-വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് കഴിഞ്ഞിട്ടില്ല. സ്റ്റാറ്റസ് റിപ്പോർട്ടിനെ അടിസ്ഥാനമാക്കി പ്രോജക്ട് നിർദ്ദേശങ്ങൾ കമ്മിറ്റിയിൽ കൊണ്ടുവന്ന് നടപ്പാക്കുവാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിക്കൽ</u>

13 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. എന്നാൽ ഭരണസമിതി അംഗീകരിച്ച വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങളുടെ പട്ടിക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ നോട്ടീസ് ബോർഡ്, ഘടക സ്ഥാപനങ്ങളുടെ നോട്ടീസ്ബോർഡുകൾ, വെബ്സൈറ്റ് എന്നിവയിൽ പ്രസിദ്ധപ്പെടുത്തിയിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് പദ്ധതി ആസൂത്രണ പ്രക്രിയയിലോ നടത്തിപ്പിലോ മോണിട്ടറിംഗിലോ യാതൊരു പങ്കം വഹിക്കുന്നില്ല. 13 വർക്കിംഗ് ഗ്രൂപ്പുകളും 07.04.2017, 12.02.2018 തീയതികളിൽ യോഗം ചേർന്നിരിക്കുന്നു. എന്നാൽ അംഗങ്ങൾ എല്ലാം പങ്കെടുക്കുകയോ കാര്യമാത്ര പ്രസക്തമായ അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയോ ഗ്രാമപഞ്ചായത്ത് നടപ്പാക്കികൊണ്ടിരിക്കുന്ന പദ്ധതികളുടെ പുരോഗതി വിലയിരുത്തുകയോ പൂർത്തിയാക്കിയ പ്രോജക്ടുകളുടെ അവലോകനം നടത്തുകയോ ചെയ്തിട്ടില്ല.

## 1-11 <u>മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം</u>

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19.05.2017 മുതൽ 21.05.2017 | 4/2017 | 15.06.2017 |

| | | | |
|---|---|---|---|
| | | | |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 10.05.2010 | 2005-06 മുതൽ 2009-10 | 21.06.2010 |

## 1-12 വാർഷിക കണക്കിലെ അപാകതകൾ

ഖണ്ഡിക 1-3ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെ പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.

1. വസ്തുനികുതി രജിസ്റ്റർ പ്രകാരമുള്ള വരവ്, കുടിശ്ശിക തുകകളുമായി വാർഷിക കണക്കുകളിലെ തുകകൾ പൊരുത്തപ്പെടുന്നില്ല
2. തൻവർഷ കുടിശ്ശിക തുകകൾക്ക് ഇൻകം ആന്റ് എക്സ്പെൻഡിച്ചർ അക്കൗണ്ടിൽ തൻവർഷത്തേയ്ക്കുള്ള പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടില്ല പ്രൊവിഷൻ തുക കണക്കാക്കിയതിനുള്ള വർക് ഷീറ്റ് ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല.
3. സെക്രട്ടറി ഉൾപ്പെടെയുള്ള നിർവ്വഹണോദ്യഗസ്ഥർ “Deposit work"കൾക്ക് വേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന തുകകൾ “Advance to implementing agencies” എന്ന ശീർഷകത്തിൽ ചെലവ് രേഖപ്പെടുത്തുന്നില്ല.
4. ഡെപ്പോസിറ്റ് രജിസ്റ്റർ, അഡ്വാൻസ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിച്ചിട്ടില്ല.
5. “Deposit work"കൾക്ക് വേണ്ടി നിർവ്വഹണ ഏജൻസികൾക്ക് നൽകുന്ന തുകകൾ “ഫൈനൽ ബിൽ എന്നിവ ലഭ്യമാക്കുന്നതിന് മുമ്പ് തന്നെ അതാത് ശീർഷകത്തിൽ രേഖപ്പെടുത്തി ആസ്തിയായി പരിഗണിച്ചിട്ടുണ്ട്.
6. ബാലൻസ് ഷീറ്റിൽ "State Govt cesses/levies in property tax”(library cess) എന്ന ഇനത്തിലുള്ള തുക ₹1,39,620/-യായിരിക്കെ ബാലൻസ് ഷീറ്റിലെ (വസ്തുനികുതി കുടിശ്ശിക + തൻവർഷ കുടിശ്ശിക തുക) x 5)/105 എന്നത് ₹38,588/- ആണ്. ഇത് തമ്മിൽ ₹93,032/-യുടെ വ്യത്യാസം കാണുന്നുണ്ട്.
7. ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാൽ വാർഷികകണക്കുകളിലെ ആസ്തികളുടെ കൃത്യത പരിശോധിക്കുവാൻ കഴിഞ്ഞിട്ടില്ല.
8. വസ്തുനികുതി കുടിശ്ശികയിൽ നിന്നും ₹45,461/- (543945-498484) ഒഴിവാക്കിയതിനുള്ള കാരണം രേഖപ്പെടുത്തേണ്ടതാണ്.

# ഭാഗം-2
# വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഓഡിറ്റ് ഇംപാക്ട്

എ) ഡി. & ഒ. ലൈസൻസ് - നിശ്ചിത ഫീസ് ഈടാക്കിയില്ല

സൂസമ്മ ജോർജ്ജ്, ആലപ്പാട്ട് ഹൗസ്, ഉടുമ്പന്നൂർ എന്നയാളുടെ ഉടമസ്ഥതയിലുള്ള ആലപ്പാട്ട് ഫ്യൂവൽസ് എന്ന സ്ഥാപനത്തിൽ നിന്നും ഡി. & ഒ. ലൈസൻസ് ഫീസ് ഇനത്തിൽ ₹2,000/- ആണ് ഈടാക്കിയിട്ടുള്ളത് (രസീത് നമ്പർ 117040100254/25-04-2017. എന്നാൽ ഒരു ദിവസത്തെ വിറ്റുവരവ് (സ്വയം പ്രഖ്യാപിതം) ₹1,00,000/-, ₹1,25,000/- ആയതിനാൽ ലൈസൻസ് ഫീസിനത്തിൽ ₹4,000/- വാങ്ങേണ്ടതായിരുന്നു. വിവരം ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന്

രസീത് നമ്പർ 118040101348/11.07.2008 പ്രകാരം ₹2,000/- ടി സ്ഥാപനത്തിൽ നിന്നും പഞ്ചായത്ത് ഈടാക്കിയിട്ടുണ്ട്.

ബി) ലേലം നടത്തിപ്പിലെ അപാകതകൾ

പഞ്ചായത്ത് കോമ്പൗണ്ടിൽ നിന്ന കലയ മരം 20-12-2017ലെ 23/1നമ്പർ കമ്മിറ്റി തീരുമാന പ്രകാരം ജോർജ്ജ് അഗസ്റ്റിൻ, നട്ടുപ്പറമ്പിൽ, ഏഴല്ലൂട്ടം എന്നയാൾക്ക് ₹3,100/-ന് ലേലത്തിൽ നൽകിയിരുന്നു. ടിയാൾ അഡ്വാൻസായി ₹1,922/-, 117040102238/05-12-2017 രസീത് പ്രകാരം ഒടുക്കിയിരുന്നെങ്കിലും ബാക്കി തുകയായ ₹1,178/- നാളിതുവരെ ഒടുക്കിയിട്ടില്ല എന്ന് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി 7 വഴി വിശദീകരണം ആവശ്യപ്പെട്ടിരുന്നു. അതിൻപ്രകാരം ₹1,178/-ക്ക് കലയ മരം ലേലം കൊണ്ട ശ്രീ. ജോർജ്ജ് അഗസ്റ്റിൻ, നട്ടുപ്പറമ്പിൽ, ഏഴല്ലൂട്ടം എന്നയാൾ 12.07.2018ലെ 118040101364 നമ്പർ രസീത് പ്രകാരം (വസ്തുനികുതി സി.ജി.എസ്.ടി. ഉൾപ്പെടെ ₹1,350/-) അടവാക്കിയിട്ടുണ്ട്.

## 2-2 ഇ-ടെൻഡർ ഫോം വില ഗ്രാമപഞ്ചായത്തിന് ലഭിച്ചിട്ടില്ല

അഞ്ച് ലക്ഷം രൂപയിലധികം അടങ്കലുള്ള കരാർ പ്രവൃത്തികൾ ഇ-ടെൻഡർ നടപടി ക്രമങ്ങൾ പാലിച്ചാണ് നടപ്പാക്കേണ്ടതെന്ന് ധനകാര്യ വകുപ്പിന്റെ 30.04.2015-ലെ ജി.ഒ(പി)1288/15 നമ്പർ ഉത്തരവിലൂടെ സർക്കാർ വ്യക്തമാക്കിയിരുന്നു. ഇതനുസരിച്ച് നടപ്പിലാക്കുന്ന മരാമത്ത് പ്രോജക്ടുകളുടെ ടെണ്ടർ ഫോം വില ഓൺലൈൻ പേയ്മെന്റ് സംവിധാനത്തിലൂടെ ജില്ലാപഞ്ചായത്തിലെ മരാമത്തു വിഭാഗം എക്സിക്യൂട്ടീവ് എൻജിനിയറുടെ അക്കൗണ്ടിലേക്കാണ് ഒടുക്കുന്നത്. ഗ്രാമപഞ്ചായത്ത് 2017-18 സാമ്പത്തിക വർഷം ഇ-ടെൻഡർ നടത്തിയ ഇനത്തിൽ ആകെ ₹85,800/- എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൌണ്ടിൽ ലഭിച്ചിട്ടുണ്ട്. ഈ തുക ഗ്രാമപഞ്ചായത്തിന് തിരികെ ലഭിക്കാൻ വേണ്ട നടപടി സ്വീകരിക്കേണ്ടതാണ്.

## 2-3 പൊതുമരാമത്ത് പ്രവൃത്തികളുടെ സെക്യൂരിറ്റി നിക്ഷേപം ഗ്രാമപഞ്ചായത്തിന്റെ കണക്കിൽ ഉൾപ്പെടുത്തുന്നില്ല

പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിന്റെ ഭാഗമായി 2017-18 വർഷം സെക്യൂരിറ്റി നിക്ഷേപമായി ലഭിച്ച സ്ഥിര നിക്ഷേപ രസീതുകൾ അസി.എൻജിനീയർ കൈവശം വച്ചിരിക്കുന്നു. സെക്യൂരിറ്റി നിക്ഷേപമായി ലഭിച്ച എന്നതിന് രസീതുകളുടെ കണക്ക് സൂക്ഷിച്ചിട്ടില്ല. ഈ തുക ഗ്രാമ പഞ്ചായത്തിന്റെ വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വസ്തുനികുതി പിരിവ് - കണക്കിൽ അപാകത

1) 2017-18 വാർഷിക കണക്കുകളിലെയും സഞ്ചയയിലെയും വസ്തുനികുതി, ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ തമ്മിൽ പൊരുത്തപ്പെടുന്നില്ല. വ്യത്യാസം താഴെ സൂചിപ്പിക്കുന്നു.

| ഇനം | വാർഷിക കണക്കുകളുടെ തുക ₹ | സഞ്ചയയിലെ തുക ₹ |
|---|---|---|
| പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ ഡിമാന്റ് തുക തൻവർഷം | 1871982 | 1868440 |
| പാർപ്പിടേതര ആവശ്യത്തിനുള്ള കെട്ടിടങ്ങളുടെ | 869085 | 869085 |

| | | |
|---|---|---|
| തൻവർഷ ഡിമാന്റ് തുക | | |
| പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ കുടിശ്ശിക പിരിവ് | 493292 | 495793 |
| പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ തൻവർഷ പിരിവ് | 1629294 | 1622258 |
| പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ കുടിശ്ശിക പിരിവ് | 381738 | 392023 |
| പാർപ്പിടേതര കെട്ടിടങ്ങളുടെ തൻവർഷ പിരിവ് | 797242 | 797470 |
| പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ കുടിശ്ശിക നീക്കിബാക്കി | 49870 | 240386 |
| പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ തൻവർഷ നീക്കിബാക്കി | 253635 | 203107 |
| പാർപ്പിടേതര കെട്ടിടങ്ങളുടെ കുടിശ്ശിക നീക്കിബാക്കി | 448614 | 102966 |
| പാർപ്പിടേതര കെട്ടിടങ്ങളുടെ തൻവർഷ നീക്കിബാക്കി | 76233 | 56481 |

2) വസ്തുനികുതി കുടിശ്ശിക ഇനത്തിൽ സാംഖ്യ ₹8,28,352/- പിരിച്ചെടുക്കാൻ അവശേഷിക്കുന്നുണ്ട്. കുടിശ്ശിക തുകകൾ കാലഹരണപ്പെട്ട് പോകാതെ പിരിച്ചെടുക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവർ കെട്ടിട നികുതി കുടിശ്ശിക ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറുകളുടെ 2017-18 വർഷത്തെ കെട്ടിടനികുതി കുടിശ്ശിക ഈടാക്കാനുള്ളതിന്റെ വിവരം താഴെ സൂചിപ്പിക്കുന്നു.

| വാർഡ് | ടവറിന്റെ പേര് | തുക ₹ |
|---|---|---|
| 13 | ഇൻഡ്യ ടെലികോം ഇൻഫ്രാ ലിമിറ്റഡ്, കുളപ്പാറ | 2076/- |
| 8 | റിലയൻസ് ഇൻഫാടെക് ലിമിറ്റഡ്, തട്ടക്കുഴ | 5670/- |

കുടിശ്ശിക തുക അടിയന്തിരമായി ഈടാക്കി വിവരമറിയിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഡെപ്പോസിറ്റ് വർക്ക് പൂർത്തികരണവിവരം ലഭ്യമല്ല

ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.എസ്.ഇ.ബി. തൊടുപുഴ, എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, തൊടുപുഴ, ജില്ലാ ഓഫീസർ ഭൂജലവകുപ്പ്, തൊടുപുഴ എന്നിവരുമായി എഗ്രിമെന്റ് വച്ച് പ്രവർത്തനം ആരംഭിച്ച ചുവടെ കൊടുക്കുന്ന പദ്ധതികളുടെ ചെലവ് തുകയായ ₹7,45,000/- താഴെ പറയുന്ന കാരണങ്ങളാൽ തടസ്സപ്പെടുത്തുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര്, പ്രോജക്ട് നമ്പർ | ചെലവഴിച്ച തുക ₹ | ബിൽനമ്പർ/ തീയതി | തുക ആർക്ക് നൽകിയെന്ന് | തടസ്സകാരണം |
|---|---|---|---|---|---|
| 1 | വേളൂർ പുലികാവ് , കുഴിമറ്റം വൈദ്യുതീകരണം 55/18 | 652000 | 22/17-18/ 13-11-17 | എക്സിക്യൂട്ടീവ് എഞ്ചിനീയർ കെ.എസ്.ഇ.ബി തൊടുപുഴ. | 1) പൂർത്തികരണവിവരം ഇല്ല 2)തുകയുടെ കൈപ്പറ്റ് രസീതില്ല |
| 2 | കാച്ചിറക്കുഴി കുടിവെള്ളപദ്ധതി 130/18 | 46020 | 26/17-18/ 12-01-18 | ജില്ലാ ഓഫീസർ ഭൂജലവകുപ്പ് തൊടുപുഴ. | 1)പൂർത്തികരണവിവരം ഇല്ല 2)തുകയുടെ കൈപ്പറ്റ് രസീതില്ല എഗ്രിമെന്റ് കാലാവധി (2018 ഒക്ടോബർ 31) കഴിഞ്ഞിട്ടില്ലാത്തതിനാൽ തുക തടസ്സപ്പെടുത്തുന്നില്ല |
| 3 | ഹോമിയോ ഡിസ്പെൻസറിക്ക് കുടിവെള്ളം 129/18 | 93000 | 24/17-18/ 6-01-18 | എക്സിക്യൂട്ടീവ് എഞ്ചിനീയർ കേരള വാട്ടർ അതോറിറ്റി, തൊടുപുഴ | 1)പൂർത്തികരണവിവരം ഇല്ല |
| | ആകെ | 745000 | | | |

## 3-2 പി.എച്ച്.സി-ക്ക് മരുന്ന് സമയബന്ധിതമായി ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 09/18, പി.എച്ച്.സി.-ക്ക് മരുന്ന് വാങ്ങൽ |

| | |
|---|---|
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) |
| അടങ്കൽ | ₹7,00,000/- (മെയിന്റനൻസ് ഗ്രാന്റ് റോഡിതരം) |
| ചെലവ് | ബിൽ നം. 5/17-18, തീയതി. 16.02.2018, തുക : ₹3,50,000/- |

പി.എച്ച്.സി.-ക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം 2017-18 വർഷം മേൽ സൂചിത ബിൽ പ്രകാരം ₹3,50,000/- കേരള മെഡിക്കൽ സർവ്വീസ് കോ ഓപ്പറേഷൻ തൈക്കാട്, തിരുവനന്തപുരം, എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ മരുന്ന് ലഭ്യമാക്കിയിട്ടില്ല. മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. മരുന്ന് ലഭ്യമാകാത്ത അവസ്ഥയെക്കുറിച്ച് ആരോഗ്യ വർക്കിംഗ് ഗ്രൂപ്പോ, ആരോഗ്യ സ്റ്റാൻഡിംഗ് കമ്മിറ്റിയോ ചർച്ച ചെയ്യുകയോ മോണിട്ടറിംഗ് നടജത്തുകയോ ചെയ്തിട്ടില്ല.

## 3-3 വി.ഇ.ഒ. പദ്ധതി വിഹിതം തുക പൂർണമായി ചെലവഴിച്ചില്ല

ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിൽ 2017 ജനവരിയിൽ നടത്തിയ ലൈഫ് സർവെ പ്രകാരം 342 പേർക്ക് പാർപ്പിട സൗകര്യമില്ല. ഇതിൽ 186 പേർക്ക് വീടും സ്ഥലവും ഇല്ലാത്തവരാണ്. വെണ്ണിയാനി, മലയിഞ്ചി, മൂലക്കാട് പോലെയുള്ള മലമ്പ്രദേശങ്ങളിൽ ടാർപോളിൻ, പ്ലാസ്റ്റിക്, ഓല മുതലായവ കൊണ്ട് കുടിൽ കെട്ടിയാണ് ഇവരിൽ ഭൂരിഭാഗം പേരും താമസിക്കുന്നത്. ദാരിദ്ര്യലഘൂകരണ(പാർപ്പിടം ഉൾപ്പെടെ)ത്തിന്റെ വർക്കിംഗ് ഗ്രൂപ്പ് 2017-18ൽ ഒരു തവണ മാത്രമാണ് യോഗം ചേർന്നത്. 12 പേർ അടങ്ങുന്ന വർക്കിംഗ് ഗ്രൂപ്പിൽ ആകെ 5 പേർ മാത്രമാണ് പ്രസ്തുത യോഗത്തിൽ പങ്കെടുത്ത്. യോഗംനടന്നത് 2017-18 ൽ ആണ് എന്നതല്ലാതെ യോഗം നടന്ന തീയതി പോലും മിനിട്സ് ബുക്കിൽ ചേർത്തിട്ടില്ല. വീടില്ലാത്ത മുഴുവൻ ആളുകൾക്കും വീട് നല്കുക എന്നായിരുന്ന വർക്കിംഗ് ഗ്രൂപ്പിന്റെ ഒന്നാമത്തെ തീരുമാനം. ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി 2017-18ൽ പ്രതിമാസം യോഗം ചേർന്നിട്ടുണ്ടെങ്കിലും ദാരിദ്ര്യലഘൂകരണം (പാർപ്പിടം ഉൾപ്പെടെ) സംബന്ധിച്ച് ഒന്നും ചർച്ച ചെയ്തിട്ടില്ല. വർക്കിംഗ് ഗ്രൂപ്പ് എടുത്ത തീരുമാനങ്ങൾ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പരിശോധിക്കുകയോ, പരിഗണിക്കുകയോ ചെയ്യാതിരുന്നത് ശരിയായ നടപടിയല്ല. ലൈഫ് മിഷനിൽപ്പെടുത്തി ₹11,20,000/- അടങ്കലായി 2017-18 വർഷം പ്രോജക്ട് വെച്ചിരുന്നെങ്കിലും ₹3,40,000/- മാത്രമാണ് ചെലവഴിച്ചത്. 342 പേർ വീടില്ലാതെ ശോചനീയാവസ്ഥയിൽ കഴിയുന്ന ഒരു പഞ്ചായത്തിൽ പ്രസ്തുത പദ്ധതിക്കായി മാറ്റി വെച്ച തുക പൂർണമായി വിനിയോഗിക്കാത്തതും ആയത് സംബന്ധിച്ച് ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പും സ്റ്റാന്റിംഗ് കമ്മിറ്റിയും മോണിട്ടറിംഗ് നടത്താതിരുന്നതും ഉദാസീനതയായി ഓഡിറ്റ് വിലയിരുത്തുന്നു.

## 3-4 ഹോമിയോ ആശുപത്രിക്ക് മരുന്ന് സമയബന്ധിതമായി ലഭ്യമാക്കിയിട്ടില്ല

| | |
|---|---|
| പ്രോജക്ട് | 49/18, ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ (ഹോമിയോ) |
| അടങ്കൽ | ₹1,00,000/- (വികസന ഫണ്ട്) |
| ചെലവ് | ബിൽ നം. 2/17-18, തീയതി. 15.11.2017 തുക : ₹1,00000/- |

ഉപ്പുകുന്ന് ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന പദ്ധതി പ്രകാരം 2017-18 വർഷം മേൽ സൂചിത ബിൽ പ്രകാരം ₹1,00,000/- ആലപ്പുഴയിലുള്ള കേരള സംസ്ഥാന ഹോമിയോപ്പതിക് കോ-ഓപ്പറേറ്റീവ് ഫാർമസി ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ടെങ്കിലും നാളിതുവരെ ₹53,165/-യുടെ മരുന്ന് മാത്രമാണ് ലഭ്യമാക്കിയിട്ടുള്ളത്. ബാക്കി തുകയ്ക്കുള്ള മരുന്ന് ലഭ്യമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-5 ഇടമറുക് അങ്കൻവാടിക്ക് സ്ഥലം വാങ്ങൽ, മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കുന്നതിന് പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങിയ ഇടമറുക് അങ്കൻവാടിക്ക് സ്ഥലം വാങ്ങൽ (പ്രോജക്ട് നമ്പർ 52/18), മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ (പ്രോജക്ട് നമ്പർ 53/18) എന്നീ പദ്ധതികൾ നാളിതുവരെ ലക്ഷ്യം കൈവരിച്ചിട്ടില്ല. ഉടുമ്പന്നൂർ പഞ്ചായത്തിലെ ഇടമറുക് ഭാഗത്ത് അങ്കൻവാടി സ്ഥാപിക്കുന്നതിന് അനുയോജ്യമായ കുറഞ്ഞത് 5 സെന്റ് പട്ടയസ്ഥലം നൽകാൻ തയ്യാറുള്ളവരിൽനിന്നും എ3-2232/17/19-9-17 പ്രകാരം താല്പര്യപത്രം ക്ഷണിച്ചിരുന്നു. ഇപ്രകാരം ലഭിച്ച മൂന്ന് അപേക്ഷകളിൽ സ്ഥലപരിശോധന നടത്തി ഉചിതമായത് തെരഞ്ഞെടുക്കാൻ സേർച്ച് കമ്മറ്റിയെ 23-10-2017ലെ ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 6(1) നമ്പർ തീരുമാനപ്രകാരം ചുമതലപ്പെടുത്തുകയും ശ്രീ. കിഷോർ രാധാകൃഷ്ണൻ മാന്തടത്തിൽ എന്നയാളുടെ ഉടമസ്ഥതയിലുള്ള കരിമണ്ണൂർ വില്ലേജിലെ 304/5 സർവ്വേനമ്പരിലുള്ള 5 സെന്റ് സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തുകയും ടി സ്ഥലം വാങ്ങുന്നതിന് ഗ്രാമപഞ്ചായത്ത് കമ്മറ്റിയുടെ 28-10-2017ലെ 1(4)പ്രകാരം തീരുമാനിക്കുകയും ചെയ്തിരുന്നുവെങ്കിലും നാളിതുവരെ സ്ഥലം വാങ്ങിയിട്ടില്ല. ഇടമറുക് അങ്കൻവാടി കെട്ടിടം നിലവിലും വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് പൊതുമരാമത്ത് സ്റ്റാന്റിംഗ് കമ്മറ്റിയുടെയും പഞ്ചായത്ത് ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു. അതുപോലെ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് സ്ഥലം വാങ്ങൽ എന്ന പ്രോജക്ടും നടപ്പാക്കിയിട്ടില്ല. ആവിഷ്കരിക്കുന്ന പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് ബന്ധപ്പെട്ട സമിതികൾ വേണ്ടത്ര ശ്രദ്ധ ചെലുത്തുകയും അങ്കൻവാടിക്ക് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

## 3-6 ആശ്രയ അക്കൗണ്ടിൽ തുക ചെലവഴിക്കാതെ അവശേഷിക്കുന്നു

ആശ്രയ പദ്ധതിക്കായി തുടങ്ങിയ സി.ഡി.എസ്. ചെയർപേഴ്സന്റെ ബാങ്ക് അക്കൗണ്ടിൽ (ഉടുമ്പന്നൂർ എസ്.സി.ബി. അക്കൗണ്ട് നം. 6772) 31.03.2018-ൽ ₹27,05,588/- നീക്കിയിരിപ്പായി അവശേഷിക്കുന്നുണ്ട്. കുടുംബശ്രീ ചെയർപേഴ്സൻ അറിയിച്ചതനുസരിച്ച് ആശ്രയ എസ്.റ്റി. ഫണ്ട് ഇനത്തിൽ - ₹11,80,900/-, ജനറൽ ഫണ്ട് - ₹2,85,000/-, ചലഞ്ച് ഫണ്ട് - ₹729480/-, പലിശയും ഉൾപ്പെടെ ₹2705588/-യാണ് നീക്കിയിരിപ്പുള്ളത്. ആശ്രയ പദ്ധതി പ്രകാരം സ്ഥലം ആവശ്യമുള്ളവർ 9 പേരും, വീട്- 19, വീട് മെയിന്റനൻസ് - 26 ഉൾപ്പെടെ 54 ഗുണഭോക്താക്കൾ കൂടി പദ്ധതി വിഹിതം നൽകുവാനുണ്ടെന്നും അറിയിച്ചിട്ടുണ്ട്.

ആശ്രയ പോലുള്ള അനിവാര്യ മേഖലകളിൽ പദ്ധതി പണം വിനിയോഗിക്കാതെ ബാങ്കിൽ നിക്ഷേപിച്ചിരിക്കുന്നത് ശരിയായ നടപടിയല്ല. പദ്ധതിവിഹിതം യഥാസമയം ഗുണഭോക്താക്കൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

## 3-7 പ്രത്യേക ലക്ഷ്യം മുൻനിർത്തി അനുവദിച്ച തുകകൾ വർഷങ്ങളായി വിനിയോഗിക്കാതെ സൂക്ഷിക്കുന്നു

വിവിധ പദ്ധതികളുടെ നിർവ്വഹണത്തിനായി സർക്കാരും ഇതര തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളും അനുവദിച്ച തുകകൾ വിനിയോഗിക്കാതെ ഗ്രാമപഞ്ചായത്ത് വർഷങ്ങളായി സൂക്ഷിക്കുന്നുണ്ട്.

| ക്രമ നം. | വിശദാംശങ്ങൾ | തുക ₹ |
|---|---|---|
| 1 | ജലനിധി | 1154593 |
| 2 | സ്പോർട്സ് (പൈക്ക) | 8161 |
| 3 | സോഷ്യൽ വെൽഫെയർ | 423478 |
| 4 | കുടിവെള്ളം | 800000 |
| 5 | പട്ടികവർഗ്ഗം | 2100000 |
| 6 | ഗുണഭോക്തൃവിഹിതം | 161898 |
| 7 | സംയുക്ത പ്രോജക്ടുകൾ | 600000 |
| 8 | മറ്റ് കാര്യങ്ങൾക്കായി നീക്കിവെച്ചത് | 282438 |
| 9 | മറ്റ് കാര്യങ്ങൾക്കായി നീക്കിവെച്ചത് (സംസ്ഥാന ആവിഷ്കൃതം) | 6026722 |

സമയബന്ധിതമായി സേവനം ലഭ്യമാക്കുവാൻ അനുവദിക്കപ്പെട്ട തുകകൾ പഞ്ചായത്ത് ഫണ്ടിലും ഇതര അക്കൌണ്ടുകളിലും നിക്ഷേപിച്ച് യഥേഷ്ടം വകമാറ്റി ചെലവഴിക്കുകയും മൂതനിക്ഷേപമായി സൂക്ഷിക്കുകയും ചെയ്യുന്ന നടപടി ക്രമപ്രകാരമുള്ളതല്ല. നം. 3, 5, 6, 7, 8 എന്നീ ഇനങ്ങൾ തനത് ഫണ്ടിന്റെ ഭാഗമാക്കി ഗ്രാമപഞ്ചായത്ത് വർഷങ്ങളായി നിലനിർത്തിയിട്ടുണ്ട്. വ്യവസ്ഥാപിതമായ രീതിയിൽ അവ വിനിയോഗിക്കുകയോ അല്ലാത്തപക്ഷം തിരികെ അടയ്ക്കുകയോ ചെയ്ത് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-8 അംഗൻവാടികളുടെ പ്രവർത്തനങ്ങൾ

ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിൽ 22 അംഗൻവാടികളാണുള്ളത്. ഇതിൽ 21 അംഗൻവാടികൾക്ക് പഞ്ചായത്ത് വക കെട്ടിടങ്ങളുണ്ട് അംഗൻവാടി നം. 33, 48, 52, 60, 66 എന്നിവയ്ക്ക് കുടിവെള്ള സൌകര്യമില്ല. ഒൻപത് അംഗൻവാടി

കെട്ടിടങ്ങൾക്ക് ചുറ്റുമതിൽ ഇല്ല. ഇടമറുക് അംഗൻവാടി വാടകക്കാണ് പ്രവർത്തിക്കുന്നത്. കുടിവെള്ളമില്ലാത്ത അംഗൻവാടികൾക്ക് കുടിവെള്ളം എത്തിക്കാനും അംഗൻവാടി നം. 53ന് കുടിവെള്ള വിതരണത്തിനായി മോട്ടോർ അനുവദിക്കുവാനും സാമൂഹ്യ നീതി വർക്കിംഗ് ഗ്രൂപ്പ് 07.04.2017ൽ കൂടിയ യോഗത്തിൽ തീരുമാനിച്ചെങ്കിലും ആയത് ക്ഷേമകാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചർച്ച ചെയ്യുകയോ പഞ്ചായത്ത് കമ്മിറ്റിയിൽ അവതരിപ്പിക്കുകയോ ചെയ്തിട്ടില്ല. അംഗൻവാടികളുടെ ഭൗതിക സാഹചര്യം വിലയിരുത്തി ക്രിയാത്മക നടപടികൾ സ്വകരിക്കുന്നതിന് പഞ്ചായത്ത് കമ്മിറ്റി ശ്രദ്ധിക്കേണ്ടതാണ്. 22 അംഗൻവാടികളിലായി ശരാശരി 610 കുട്ടികൾക്ക് പോഷകാഹാര കിറ്റുകൾ നൽകുന്നുണ്ട്. 650 കൗമാരാക്കാരായ കുട്ടികളും 268 പ്രീസ്കൂൾ കുട്ടികളുമുണ്ട്.

## 3-9 വെള്ളക്കരം ഒടുക്കുന്നത് സംബന്ധിച്ച്

2011-12 വർഷം ഗ്രാമപഞ്ചായത്തിൽ 78 ടാപ്പുകൾക്ക് ₹3,500/- നിരക്കിൽ പ്രതിമാസം ₹22,750/- വീതം വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിരുന്നു. 17.11.2011-ലെ (xx) പഞ്ചായത്ത് കമ്മിറ്റി തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ വാട്ടർ അതോറിറ്റിയും ഗ്രാമപഞ്ചായത്തും തമ്മിൽ സംയുക്ത പരിശോധന നടത്തുകയും 33 ടാപ്പുകൾ പ്രവർത്തിക്കുന്നില്ല എന്ന കണ്ടെത്തുകയും ചെയ്തിരുന്നു. ആയതിൻ പ്രകാരം 33 ടാപ്പുകൾ ഒഴിവാക്കി 45 ടാപ്പുകൾക്ക് വെള്ളക്കരം നിശ്ചയിച്ച് തരണമെന്ന് കാണിച്ച് വാട്ടർ അതോറിറ്റിക്ക് നിരവധി തവണ കത്ത് നൽകിയിരുന്നുവെങ്കിലും നാളിതുവരെയായും നടപടി സ്വീകരിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് വെള്ളക്കരം അടയ്ക്കുന്നില്ല. 2017-18ൽ കുടിശ്ശിക ഉൾപ്പെടെ ₹39,53,590/- അടയ്ക്കുവാനുണ്ട്. വാട്ടർ അതോറിറ്റിയും പഞ്ചായത്തും തമ്മിൽ ചർച്ചചെയ്ത് ഉചിതമായ തീരുമാനങ്ങൾ കൈക്കൊണ്ട് തുക അടയ്ക്കുന്നതിനോ, ക്രമീകരിക്കുന്നതിനോ താമസംവിനാ നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യം ഭരണ വകുപ്പിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു.

# ഭാഗം-4

# പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 300000 | സബ്സിഡി<br>അംഗൻവാടി പഞ്ചായത്ത് ഭൂമി | 300000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | പാലിയേറ്റീവ് കെയർ, സാന്ത്വനം | 100000 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 100000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 100000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 1000000 | ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന കർഷകർക്ക് പാലിന് സബ്സിഡി | 1000000 |

| | | | | |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 197952 | ജവഹർ ഭവന പദ്ധതി മുതൽ പലിശ തിരിച്ചടവ് | 197952 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക ₹ | ചെലവഴിച്ച തുക ₹ | ചെലവഴിക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വേളൂർ-പുലികാവ്, കുഴിമറ്റം വൈദ്യുതീകരണം | 22/17-18/ 13.11.2017 | 652000 | 652000 | 0 |
| വാട്ടർ അതോറിറ്റി | ഹോമിയോ ഡിസ്പെൻസറിക്ക് കുടിവെള്ളം ലഭ്യമാക്കൽ | 24/17-18/ 06.0.2018 | 100000 | 93000 | 7000 |
| ഭൂജല വകുപ്പ് | കച്ചിറമുഴി കുടിവെള്ള പദ്ധതി കുഴൽ കിണർ നിർമ്മാണം | 26/17-18/ 12.01.2018 | 50000 | 46020 | 3980 |

ചെലവഴിക്കാൻ അവശേഷിക്കുന്ന തുക തിരികെ ഈടാക്കുവാൻ നടപടി സ്വീകരിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

- ഇല്ല -

## 4-4 വായ്പ/വായ്പ തിരിച്ചടവ്

- ഇല്ല -

## 4-5 സ്ഥിര നിക്ഷേപങ്ങൾ

- ഇല്ല -

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹12,058/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ/തീയതി |
|---|---|---|---|---|
| 2000-2001 | 2-8 | 9261 | കെ.എൻ.ചന്ദ്രശേഖരൻപിള്ള എ.ഇ. | 117040102980/20.01.2018 98/15.04.2016 |

| | | | | |
|---|---|---|---|---|
| 2000-2001 | 2-1 | 210 | പി. കെ. ഓമനക്കുട്ടൻ, സെക്രട്ടറി | 117040103802/20.01.2018 |
| 2000-2001 | 2-2 | 125 | - ടി - | 117040103803/20.01.2018 |
| 2000-2001 | 2-5 (1,2) | 739 | - ടി - | 117040103804/20.01.2018 |
| 2003-2004 | 3-2 | 666 | - ടി - | 117040103805/20.01.2018 |
| 2004-2005 | 2-3 | 40 | - ടി - | 117040103806/20.01.2018 |
| 2000-2001 | 2-4 | 70 | - ടി - | 117040103809/20.01.2018 |
| 2003-2004 | 3-1 (2) | 56 | - ടി - | 117040103810/20.01.2018 |
| 2005-2006 | 2-7 | 500 | - ടി - | 117040103811/20.01.2018 |
| 2005-2006 | 3-1 | 291 | - ടി - | 117040103812/20.01.2018 |
| 2005-2006 | 3-3 | 100 | - ടി - | 117040103813/20.01.2018 |
| | ആകെ | 12058 | | |

## **4-7** സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2003-2004 | 3-3 | 2006-2007 | 3.35.2 | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | തടസ്സം നിലനിൽക്കുന്നു. |

## **4-8** ചാർജ്ജ് സർചാർജ്ജ് നടപടികളുടെ വിവരം

എ) ചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ്ജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം/ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങൾ | | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ ആകെ ലഭ്യമായ തുകതുക | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 |
| | | | | - ഇല്ല - | | | | | | | |

ബി) സർചാർജ്ജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നം./ തീയതി) | റവന്യൂ റിക്കവറി നടപടിയിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാരങ്ങൾ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാദ്ധ്യത | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക ₹ | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2014-15 | 3-1 | റ്റി. ആർ. ഷിബു വി.ഇ.ഒ. | കെ.എസ്.എ.1935/ (സ്പെ. സെൽ.) എസ്.സി.- 2/സി.1/ 2007/28.11.2017 | | - | - | - | - | 0 | 50000 | |

## 4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹8,42,56,653 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹9,50,12,939 |
| വരവിനങ്ങളിലുള്ള നഷ്ടം | - ഇല്ല - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - ഇല്ല - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹7,45,000 |

**(ബി)** പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| - ഇല്ല - | | | |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 7,45,000 | ബുഷ്റ കെ, അസി. എഞ്ചിനീയർ |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

– ഇല്ല -

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

– ഇല്ല -

**(ഇ)** റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ബുഷ്റ കെ<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ<br>ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്ത് | ഉക്കിണിവീട്ടിൽ<br>ഇടവെട്ടി പി.ഒ.<br>തൊടുപുഴ |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം | റിമാർക്സ് |
|---|---|---|---|
| 2003-04 | കെ.എസ്.എ.ഐ.ഡി.കെ-10/882/2018/20.4.2018 | 1 | 3-3 |
| 2004-05 | കെ.എസ്.എ.ഐ.ഡി.കെ-10/882/2018/20.4.2018 | 1 | 3-9 |
| 2006-2007 | എൽ.എഫ്.ഐ-8 /997/12<br>03.09.12/10.09.12 | 17 | 2-3(1), 2-4(3), 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14,<br>4-5, 4-6 |
| 2007-2008 | എൽ.എഫ്.ഐ-10/1122/11<br>09.12.11/30.03.12 | 14 | 1-1, 1-2, 2-1, 2-2, 2-3, 3-2, 3-3, 3-4, 3-5, 3-6, 3-9, 3-10, 3-11, 3-12 |
| 2008-2009 | എൽ.എഫ്.ഐ-10/985/12<br>01.09.12 | 16 | 2-1(1), 2-5(i, ii), 2-6, 2-7, 3-1, 3-2, 3-4, 3-5, 3-6, 3-7, 3-9, 3-10, 3-11, 4-5, 4-6, |
| 2009-2010 | എൽ.എഫ്.ഐ-10/986/12<br>04.09.12 | 16 | 2-2, 2-3(ii), 2-4, 3-2, 3-5, 3-6, 3-7, 3-9, 3-10, 3-12, 3-13, 3-14 |
| 2010-2011<br>&<br>2011-2012 | എൽ.എഫ്.ഐ-8/1517/13<br>07.07.14/12.09.14 | 10 | 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8,3-9,3-10 |

| | | | |
|---|---|---|---|
| 2012-2013 | എൽ.എഫ്.ഐ-10/1456/14 24.02.15/07.03.15 | 7 | 2-3, 3-2, 3-3, 3-5, 3-7, 4-3, 4-4 |
| 2013-2014 | എൽ.എഫ്.ഐ-10/842/15 28.09.15 | 9 | 2-1, 2-2, 3-1, 3-2, 3-3, 3-4, 3-5, 4-3, |
| 2014-2015 | കെ.എസ്.എ./ഐ.ഡി.കെ-10/1391/16/28.09.17 | 15 | 1-12, 2-1, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-11, 4-7, 4-8, 4-9 |
| 2015-2016 | കെ.എസ്.എ./ഐ.ഡി.കെ-10/1172/17/02.11.17 | 20 | 2-1, 3-2, 3-3, 3-5, 3-6, 3-7, 3-8, 3-9, 4-7, 4-8, 4-9 |
| 2016-2017 | കെ.എസ്.എ./ഐ.ഡി.കെ-10/559/17/01.08.17 | 11 | 1-7, 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-14, 4-7, 4-8, 4-9 |
| 2000-2001 | കെ.എസ്.എ./ഐ.ഡി.കെ-10/882/18/തീ.20.04.2018 | 1 | 22 |
| 2003-2004 | കെ.എസ്.എ./ഐ.ഡി.കെ-10/882/18/തീ.20.04.2018 | 1 | 3-3 |
| 2004-2005 | കെ.എസ്.എ./ഐ.ഡി.കെ-10/882/18/തീ.20.04.2018 | 1 | 3-9 |

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി

## അനുബന്ധം 1

## ഓഡിറ്റ് സാക്ഷ്യപത്രം

നം.കെ.എസ്.എ-ഐ.ഡി.കെ-10/938/2018

സംസ്ഥാന ഓഡിറ്റ് വകുപ്പ്

സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയം

ഇടുക്കി ജില്ല

*ഇ-മെയിൽ : doidk.ksad@kerala.gov.in*

തീയതി : 25.09.2018

1994-ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ വകുപ്പ് 4, 1994-ലെ പഞ്ചായത്ത് രാജ് നിയമത്തിന്റെ വകുപ്പ് 215, ഇവ അനുസരിച്ചും 22.05.2018ലെ(സാധാ)1413/2018/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും, ഇടുക്കി ജില്ലയിലെ ഉടുമ്പന്നൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ സ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ 2017-18ലെ വാർഷിക ധനകാര്യ പത്രിക, കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ഇടുക്കി